ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം ബോർഡ് തന്നെ കാലാകാലങ്ങളായി നടത്തിവരുന്നു. കൊച്ചി ദേവസ്വം ബോർഡ് ക്ഷേത്ര ഉപദേശക സമിതികളുമായി ചർച്ച നടത്തി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിവരുന്നു. ഗുരുവായൂർ ദേവസ്വം ഓരോ സാമ്പത്തിക വർഷവും 800-നും 1000-നും മിടയിൽ ക്ഷേത്രങ്ങൾക്ക് സഹായം നൽകുന്നുണ്ട്. മലബാർ ദേവസ്വത്തിൻകീഴിൽ 2006-07-ൽ 373 ക്ഷേത്രങ്ങൾക്കും 2007-08-ൽ 432 ക്ഷേത്രങ്ങൾക്കും 2008-09-ൽ 750 ക്ഷേത്രങ്ങൾക്കും 2009-10-ൽ 683 ക്ഷേത്രങ്ങൾക്കും ജീർണ്ണോദ്ധാരണ ഗ്രാന്റ് നൽകിയിട്ടുണ്ട്. കൂടൽമാണിക്യം ക്ഷേത്രം പുനരുദ്ധരിച്ചുവരുന്നു.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് 2010-11-ൽ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൊച്ചി ദേവസ്വം ബോർഡ് 2006-07 മുതൽ 2009-10 വരെ 10,53,27,410 രൂപ (പത്തുകോടി അൻപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി നാനൂറ്റിപ്പത്ത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് (മുൻ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ വകുപ്പ്) 2006-07 മുതൽ 2009-10 വരെ 5,40,50,000 (അഞ്ചുകോടി നാല്പതു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം). രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വം കേരളത്തിലെ ഇതര ഹൈന്ദവ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി 2009-10-ൽ ഒന്നരകോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടൽമാണിക്യം ക്ഷേത്ര പുനരുദ്ധാരണത്തിനായി ഇതുവരെ 3,03,49,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

"ക്ഷേത്രജീർണോദ്ധാരണത്തിനുള്ള ധനസഹായം"

211 (6130) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേത്രജീർണ്ണോദ്ധാരണത്തിനുള്ള ധനസഹായം വകയിൽ കോഴിക്കോട് ജില്ലയിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത് ; ക്ഷേത്രങ്ങളുടെ പേരും തുകയും വേർതിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ ജീർണ്ണോദ്ധാരണ ഗ്രാന്റ് നൽകിയ ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly